# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.4/1541/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 17/02/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (എയിംസിൽ)
2.അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ, (ജനറൽ) (ഇമെയിൽ)
3.കാര്യാലയ പ്രതി

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.4/1541/2022 തീയ്യതി: 17/02/2023

## കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-03-2022 മുതൽ 24-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ശ്രീ. വിനോദ്. കെ. കെ. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 25-10-2022 | 31-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-10-2022 | 31-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സി.വി. ജ്യോതിഷ് കുമാർ, ഓഡിറ്റ് ഓഫിസർ (ഹ.ഗ്രേ)
ശ്രീ. ആൽബർട്ട് ജോസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. വനജ മാടത്താങ്കണ്ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. രമ്യ. ടി.ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. റോബർട്ട് ജോർജ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. അബ്ബ. ആർ. | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബാബു കൊയിലേരിയൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. പി. വി. അനിൽ കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. കെ. കുര്യൻ എബ്രഹാം | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2021 | 08-04-2021 |
| ശ്രീ. ആദർശ്. കെ. കെ. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 09-04-2021 | 10-08-2021 |
| ശ്രീമതി. രാഖി. കെ. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 11-08-2021 | 08-10-2021 |
| ശ്രീ. ആദർശ്. കെ. കെ. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 09-10-2021 | 31-03-2022 |
| ഡോ. കാർത്ത്യായനി | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 01-04-2021 | 31-03-2022 |
| ശ്രീ. ടിങ്കിൾ മാത്യു | ഡയറി ഡവലപ്മെന്റ് ഓഫീസർ | 01-04-2021 | 21-05-2021 |
| ശ്രീ. സിനാജുദ്ദീൻ. പി. എച്ച്. | ഡയറി ഡവലപ്മെന്റ് ഓഫീസർ | 22-05-2021 | 27-07-2021 |
| ശ്രീ. മനോജ് കുമാർ. പി. വി. | ഡയറി ഡവലപ്മെന്റ് ഓഫീസർ | 28-07-2021 | 05-10-2021 |
| ശ്രീമതി. ബീന. പി. വി. | ഡയറി ഡവലപ്മെന്റ് ഓഫീസർ | 06-10-2021 | 15-02-2022 |
| ശ്രീമതി. അൽഫോൺസ ജോസഫ് | ഡയറി ഡവലപ്മെന്റ് ഓഫീസർ | 16-02-2022 | 31-03-2022 |
| ഡോ. മനു ശേഖർ | സീനിയർ വെറ്ററിനറി സർജൻ | 01-04-2021 | 01-11-2021 |
| ഡോ. മുരളീധരൻ. സി. | സീനിയർ വെറ്ററിനറി | 02-11-2021 | 31-03-2022 |

| | | | |
|---|---|---|---|
| വി. | സർജൻ | | |
| ശ്രീ. കെ. വി. വിജയൻ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. സുശീല. എസ്. | സി.ഡി.പി.ഒ ഇരിക്കൂർ | 01-04-2021 | 18-09-2021 |
| ശ്രീമതി. നന്ദിനി. കെ. | സി.ഡി.പി.ഒ ഇരിക്കൂർ | 19-09-2021 | 01-11-2021 |
| ശ്രീമതി. നിഷ പാലത്തടത്തിൽ | സി.ഡി.പി.ഒ ഇരിക്കൂർ | 02-11-2021 | 20-01-2022 |
| ശ്രീമതി. സുശീല. എസ്. | സി.ഡി.പി.ഒ ഇരിക്കൂർ | 21-01-2022 | 31-03-2022 |
| ശ്രീമതി. നന്ദിനി. കെ. | സി.ഡി.പി.ഒ അഡീഷണൽ | 01-04-2021 | 01-11-2021 |
| ശ്രീമതി. നിഷ പാലത്തടത്തിൽ | സി.ഡി.പി.ഒ അഡീഷണൽ | 02-11-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | പുതുക്കിയ ബജറ്റ് | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 4 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 6 | ഫണ്ട് വിനിയോഗം | 1-4 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | ക്യാഷ് പരിശോധന | 1-6 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 10 | വാടക ഈടാക്കുന്നതിലെ അപാകങ്ങൾ | 1-8 |
| 11 | ഇ-ടെണ്ടർ ഫീ ലഭ്യമായിട്ടില്ല | 1-9 |
| 12 | സി.എച്ച്.സി യിലേക്ക് മരുന്ന വാങ്ങൽ - മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല | 1-10 |
| 13 | ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്-ബ്ലോക്ക് വിഹിതം നൽകൽ -വിനിയോഗ വിവരം ലഭ്യമല്ല | 1-11 |
| 14 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് - ബ്ലോക്ക് വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമല്ല | 1-12 |
| 15 | ബ്ലോക്ക് ഓഫീസിലേക്കാവശ്യമായ കമ്പ്യൂട്ടർ, ഉപകരണങ്ങൾ എന്നിവ വാങ്ങൽ - അപാകങ്ങൾ | 1-13 |
| 16 | പത്താം തരം, പ്ലസ് വൺ തുല്യത കോഴ്സ്- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 1-14 |
| 17 | വനിതകൾക്കും വനിതാ ഗ്രൂപ്പ് സംരഭങ്ങൾക്കും സംരംഭം തുടങ്ങുന്നതിന് സ്ഥലം വാങ്ങൽ - അപാകങ്ങൾ | 1-15 |
| 18 | ഐ കെ എം ന് വിഹിതം നൽകൽ -വിനിയോഗ വിവരം ലഭ്യമാക്കിയില്ല. | 1-16 |
| 19 | ആനവേലി നിർമ്മാണത്തിന് പയ്യാവൂർ ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-17 |
| 20 | പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും മുറിയിൽ ഫർണിച്ചർ വാങ്ങൽ - സിഡ്കോയിൽ നിന്നുള്ള അസ്സൽ ബില്ലും സ്റ്റോക്കിലെടുത്തതിന്റെ രേഖകളും ലഭ്യമാക്കിയിട്ടില്ല. | 1-18 |
| 21 | ലൈഫ് ഭവന പദ്ധതി 2021-22- കൈപ്പറ്റ് രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. | 1-19 |
| 22 | ലൈഫ് ഭവന പദ്ധതി (പട്ടിക വർഗ്ഗം) 2021-22- കൈപ്പറ്റ് രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. | 1-20 |

| | | |
|---|---|---|
| 23 | ലൈഫ് ഭവന പദ്ധതി (പട്ടിക ജാതി) 2021-22- കൈപ്പറ്റ് രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. | 1-21 |
| 24 | സാക്ഷരത തുടർ വിദ്യാഭ്യാസം കോഴ്സ് ഫീസ് നൽകൽ - രേഖകൾ ഹാജരാക്കിയില്ല | 1-22 |
| 25 | ഉളിക്കൽ മലമുട്ട കോളനി കോളനി കുടിവെള്ള പദ്ധതി (ഉളിക്കൽ ഗ്രാ.പ) - അപാകതകൾ ₹296002 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു | 1-23 |
| 26 | കാലടി ജലസേചന കുളം പമ്പ് ഹൗസ് അനുബന്ധ സൗകര്യങ്ങൾ -അപാകതകൾ - ₹403497 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-24 |
| 27 | മയ്യിൽ ഗവണ്മെന്റ് യു പി സ്കൂൾ ടോയ്‌ലെറ്റുകളും വാഷ് ബേസിനുകളും നിർമ്മാണം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-25 |
| 28 | നടുക്കണ്ടം വയൽ കുളം പൂർത്തീകരണം തുക നൽകൽ- അപാകങ്ങൾ | 1-26 |
| 29 | മെയിന്റനൻസ് വർക്കുകൾ - അപാകതകൾ | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | RECEIPT & PAYMENT STATEMENT | |
| 4 | INCOME & EXPENDITURE STATEMENT | |
| 5 | BALANCE SHEET | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 ലെ ബജറ്റ് 20-2-2021 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 337050 |
| വരവ് | 92120460 |
| ആകെ | 92457510 |
| ചെലവ് | 92080687 |
| നീക്കിയിരിപ്പ് | 376823 |

## 1-1-1 പുതുക്കിയ ബജറ്റ്

ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 ലെ പുതുക്കിയ ബജറ്റ് 5-3-2022 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 632961 |
| വരവ് | 127262577 |
| ആകെ | 127895538 |
| ചെലവ് | 125222617 |
| നീക്കിയിരിപ്പ് | 2672921 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31-7-2022 | 20-5-2022 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

2021-22 ലെ വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. B-11 ഷെഡ്യൂളിനനുസൃതമായി കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. B-7 ഷെഡ്യൂൾ പ്രകാരം വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയ ₹897,572 യുടെ കൃത്യത പരിശോധിക്കാനാവശ്യമായ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

3. വാടക രജിസ്റ്ററിൽ ഡിമാന്റ്, വരവ്, കുടിശ്ശിക, സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4.അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തേണ്ട റേഷ്യോസ്, അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

5. B-4 ഷെഡ്യൂളിൽ കോഡ് നമ്പർ 320700203 പ്രകാരം ₹8717022 ബാലൻസുണ്ട്. എന്നാൽ ₹8717022 യിൽ നിന്നും ₹7717022 റിസംമ്ഷൻ ചെയ്തതിന് ശേഷമുള്ള യഥാർത്ഥ ബാലൻസ് തുക ₹1000000 യാണ്.

6. B-4 ഷെഡ്യൂളിൽ കോഡ് നമ്പർ 320700205 പ്രകാരം ₹7200000 ബാലൻസുണ്ട്. എന്നാൽ ₹7200000 റിസംമ്ഷൻ ചെയ്തതിന് ശേഷം ബാലൻസ് തുക ഇല്ല.

7. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് ചെലവ് എ.സി.ആർ. പ്രകാരം ₹ 5172327 യും എ.എഫ്.എസ്. പ്രകാരം ₹ 1991042 യുമാണ്. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് ചെലവ് എ.സി.ആർ. പ്രകാരം ₹ 7626088 യും എ.എഫ്.എസ്. പ്രകാരം ₹ 10807373യുമാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| വർഷം | 2021-22 |
|---|---|

| | |
|---|---|
| മുന്നിരിപ്പ് | 16859353 |
| വരവ് | 98372377 |
| ആകെ | 115231730 |
| ചെലവ് | 108494473 |
| നീക്കിയിരിപ്പ് | 6737257 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 699499 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 28521554 | 28521554 | 26602517 | 1919037 |
| വികസന ഫണ്ട് - എസ്.സി.പി | 0 | 3482000 | 3482000 | 3381425 | 100575 |
| വികസന ഫണ്ട് - ടി.എസ്.പി | 0 | 4124000 | 4124000 | 3661000 | 463000 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് | 0 | 10806843 | 10806843 | 5172327 | 5634516 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് | 0 | 8091236 | 8091236 | 7626088 | 465148 |
| മെയിന്റനൻസ് ഫണ്ട് - റോഡിതരം | 0 | 10953126 | 10953126 | 7731122 | 3222004 |
| ടി. എസ്. സി | 1398 | 502 | 1900 | 0 | 1900 |
| രാജീവ് ഗാന്ധി ദേശീയ കുടിവെള്ള പദ്ധതി | 72 | 238245 | 238317 | 238245 | 72 |

| | | | | | |
|---|---|---|---|---|---|
| IWMP | 13577926 | 12796919.85 | 26374845.85 | 23056063 (ചെലവ്) + 3318782.85 (തിരിച്ചടവ്) | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 132 | 119760706 | 111 | 62625934 | 27 | 21 | 63.64 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 28 | 21 | 44556591 | 15748802 | 35.35 |
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 3 | 3 | 383919 | 311306 | 81.09 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 69 | 56 | 45412296 | 31181187 | 68.66 |
| 4 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 3 | 3 | 2650000 | 1350000 | 50.94 |
| 5 | എസ് സി ഡവലപ്മെന്റ് ഓഫീസർ | 5 | 5 | 2130000 | 2041019 | 95.82 |
| 6 | മെഡിക്കൽ ഓഫീസർ CHC | 7 | 7 | 6044546 | 5636360 | 93.25 |
| 7 | സി.ഡി.പി.ഒ ഇരിക്കൂർ | 6 | 6 | 7387900 | 2150964 | 29.11 |
| 8 | സി.ഡി.പി.ഒ അഡീഷണൽ | 6 | 5 | 9020454 | 2110072 | 23.39 |
| 9 | സീനിയർ വെറ്ററിനറി സർജൻ | 3 | 3 | 325000 | 265681 | 81.75 |
| 10 | ഡയറി ഡവലപ്മെന്റ് ഓഫീസർ | 2 | 2 | 1850000 | 1830545 | 98.95 |
| | ആകെ | 132 | 111 | 119760706 | 62625934 | 52.29 |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28-10-2022 ന് 4.10 Pm സമയത്ത് അക്കൌണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ്

ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്. ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷം കൃത്യമായ ഇടവേളകളിൽ സ്റ്റാഫ് മീറ്റിംഗുകൾ ചേർന്ന് തീരുമാനങ്ങളെടുത്തിട്ടുണ്ട്.

## 1-8 വാടക ഈടാക്കുന്നതിലെ അപാകങ്ങൾ

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക ഈടാക്കുന്നതിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. 2021-22 വർഷത്തെ വാടക രജിസ്റ്റർ പ്രകാരം 8-64 E നമ്പർ റൂമിന്റെ വാടകക്കാരനായ ഇ. കെ. സുധീർ 2/2020 മുതൽ വാടക ഒടുക്കാൻ കുടിശ്ശികയായുണ്ട്. (പ്രതിമാസ വാടക ₹7750). വാടക കുടിശ്ശിക പിരിച്ചെടുത്തിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/28.10.2022) ഇ. കെ. സുധീർ 11/20 വരെയുള്ള വാടക ഒടുക്കിയിട്ടുണ്ടെന്നും 12/20 മുതൽ വാടക ഒടുക്കാനുണ്ടെന്നും ആയതിൽ 6/21 മുതൽ 12/21 വരെ തദ്ദേശസ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്ക് കോവിഡ് മൂലം നൽകിയ വാടക ഇളവ് ടിയാന് ബാധകമാക്കിയിരുന്നുവെന്നും കുടിശ്ശിക തുക അടവാക്കാനായി ടിയാന് നോട്ടീസ് നൽകിയിട്ടുണ്ടെന്നുമുള്ള മറുപടിയാണ് നൽകിയത്. കുടിശ്ശിക തുക ഈടാക്കി അറിയിക്കേണ്ടതാണ്.

2. ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള ഉളിക്കൽ ഗ്രാമ പഞ്ചായത്തിലെ കാലാങ്കിയിൽ SGSY വിപണന കേന്ദ്രത്തിന്റെ ഭാഗമായുള്ള കെട്ടിടത്തിലെ 3 റൂമുകൾ സംരംഭകർക്ക വാടകക്ക് നൽകുന്നതിന് എൽ.എസ്.ജി.ഡി എൻജിനീയർ വാല്യുവേഷൻ തുക നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ ലേലം ചെയ്യാൻ 18-03-2022 ന് ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. ലേലനടപടികൾ സ്വീകരിച്ച് മുറികൾ വാടകക്ക് നൽകിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കോവിഡ് കാലം കെട്ടിടം പൂട്ടിയിട്ടു മൂലം മുറികൾ ഉപയോഗശൂന്യമായതിനാൽ അറ്റകുറ്റ പണികൾക്കായി പ്രോജക്ട് നിലവിലുള്ളതിനാൽ ആയതു പൂർത്തിയാകുന്ന മുറയ്ക്ക് മുറികൾ വാടകക്ക് നൽകുന്നതാണെന്ന മറുപടിയാണ് നൽകിയത്.

3. 10-09-2021 ലെ ഭരണസമിതി യോഗ തീരുമാന പ്രകാരം ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ ഹാളുകളും എൽ.എസ്.ജി.ഡി എൻജിനീയർ പരിശോധിച്ച് ചിട്ടപ്പെടുത്തിയ തുക പ്രകാരം വാടകയ്ക്ക് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടികളുടെ വിവരങ്ങൾ ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം. 15/28.10.2022 മറുപടി നൽകിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള എല്ലാ കെട്ടിടങ്ങളും ഉപയോഗക്ഷമമാക്കി വാടകയിനത്തിലുള്ള വരവ് വർദ്ധിപ്പിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 ഇ-ടെണ്ടർ ഫീ ലഭ്യമായിട്ടില്ല

ഇ-ടെണ്ടർ ഫീ, ഇ.എം.ഡി എന്നിവ ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിന് 28-9-2013 ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് ബ്ലോക്ക് പഞ്ചായത്തുകളിൽ നടപ്പിലാകുന്ന ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇത് സംബന്ധിച്ച് 17/29.10.2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2017-18 മുതലുള്ള ഇ ടെണ്ടർ തുകയാണ് ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിക്കാനുള്ളത് എന്ന മറുപടിയാണ് ലഭ്യമായത്. ഇപ്രകാരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ളതും ബ്ലോക്ക് പഞ്ചായത്തിന് 2017-18 മുതൽ 2021-22 വർഷം വരെ ലഭിക്കേണ്ടതുമായ ടെണ്ടർ ഫീ ഇനത്തിലുള്ള ₹10,70,059 ഇതുവരെയും ലഭിച്ചിട്ടില്ല. ഈ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വർഷം | തുക (₹) |
|---|---|---|
| 1 | 2017-18 | 2,10,456 |
| 2 | 2018-19 | 2,93,810 |
| 3 | 2019-20 | 2,35,611 |
| 4 | 2020-21 | 1,67,558 |
| 5 | 2021-22 | 1,62,624 |

| | | |
|---|---|---|
| | ആകെ | 10,70,059 |

## 1-10 സി.എച്ച്.സി യിലേക്ക് മരുന്നു വാങ്ങൽ - മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ CHC മയ്യിൽ |
| പ്രൊജക്റ്റ് നമ്പർ /പേര് | 07/22 സി.എച്ച്.സി യിലേക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ | ₹27,25,000 മെയിന്റനൻസ് ഫണ്ട്-റോഡിതരം |
| ചെലവ് | ₹5,00,000 ബിൽ നമ്പർ : 10/21-22/14-09-2021<br>₹15,95,097 ബിൽ നമ്പർ : 16/21-22/18-10-2021<br>₹4,00,000 ബിൽ നമ്പർ : 25/21-22/31-12-2021<br>₹2,29,822 ബിൽ നമ്പർ : 29/21-22/15-01-2022<br>ആകെ : ₹27,24,919 |

സി.എച്ച്.സി യിലേക്ക് മരുന്നു വാങ്ങൽ എന്ന മേൽ പ്രോജക്റ്റ് പ്രകാരം കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് ₹27,24,919 മുൻകൂറായി നൽകിയിട്ടുണ്ട്. മരുന്ന് ലഭ്യമായതിന്റെയും, ലഭ്യമാക്കാനുള്ളതിന്റെയും വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ | പ്രഫോർമ ഇൻവോയിസ് | മരുന്ന് വാങ്ങുന്നതിന് നൽകിയ തുക (₹) | ലഭ്യമായ മരുന്നിന്റെ വില (₹) | ലഭിക്കാനുള്ള മരുന്നിന്റെ വില (₹) |
|---|---|---|---|---|---|
| 1 | 10/21-22 /14-09-2021 | PRF1676/13-08-2021 | 5,00,000 | 4,59,150 | 40,850 |
| 2 | 16/21-22 /18-10-2021 | PRF2296/25-09-2021 | 15,95,097 | 14,74,887 | 1,20,210 |
| 3 | 25/21-22 /31-12-2021 | PRF4345/23-12-2021 | 4,00,000 | 150327 | 2,49,673 |
| 4 | 29/21-22 /15-01-2022 | PRF4532/31-12-2021 | 2,29,822 | 1,96,785 | 33,037 |
| | ആകെ | | 27,24,919 | 22,81,149 | 4,43,770 |

₹4,43,770 യുടെ മരുന്ന് ലഭ്യമാകാത്തത് സംബന്ധിച്ച് 23/31-10-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനന്റെയും, ലഭിക്കാനുള്ളതിന്റെയും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്-ബ്ലോക്ക് വിഹിതം നൽകൽ -വിനിയോഗ വിവരം ലഭ്യമല്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സി ഡി പി ഒ ഇരിക്കൂർ |
| പ്രൊജക്റ്റ് നമ്പർ / പേര് | 46/22<br>ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് - ബ്ലോക്ക് വിഹിതം നൽകൽ |
| അടങ്കൽ | ₹6,00,000 വികസന ഫണ്ട് - പൊതുവിഭാഗം<br>₹5,57,650 ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>₹37,50,000 മറ്റ് ഗ്രാമപഞ്ചായത്ത് വിഹിതം<br>ആകെ : ₹49,07,650 |

| | |
|---|---|
| ചെലവ് | ₹600000 വികസന ഫണ്ട് – പൊതുവിഭാഗം<br>₹3,57,309 ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>ആകെ : ₹9,57309 |
| ബിൽ നമ്പർ/ തിയ്യതി | 95/21-22/29-9-2021 ₹2,16,675<br>104/21-22/5-10-2021 ₹60,000<br>178/21-22/27-12-2021 ₹2,15,550<br>181/21-22/4-1-2022 ₹1,07,775<br>286/21-22/21-3-2022 ₹3,57,309 |

ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് എന്ന മേൽ പ്രോജക്റ്റ് പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നൽകിയതിൽ പയ്യാവൂർ ഗ്രാമ പഞ്ചായത്തിന് അനുവദിച്ച ₹182775 (₹107775 + ₹75000) യുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ആയത് പരിശോധനക്ക് ലഭ്യമാക്കുന്നതിന് 3/27-10-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-12 ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് - ബ്ലോക്ക് വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമല്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സി ഡി പി ഒ ഇരിക്കൂർ അഡീഷണൽ |
| പ്രൊജക്റ്റ് നമ്പർ /പേര് | 177/22<br>ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് - ബ്ലോക്ക് വിഹിതം നൽകൽ |
| അടങ്കൽ | ₹170000 വികസന ഫണ്ട് – പൊതുവിഭാഗം |
| ചെലവ് | ₹170000 ബിൽ നമ്പർ/തീയതി : 238/15-02-2022 |

ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് - ബ്ലോക്ക് വിഹിതം നൽകൽ എന്ന മേൽ പ്രൊജക്റ്റ് പ്രകാരം ഉളിക്കൽ ഗ്രാമപഞ്ചായത്തിന് ₹170000 നൽകിയിട്ടുണ്ട്. എന്നാൽ ഉളിക്കൽ ഗ്രാമപഞ്ചായത്തിൽനിന്നുള്ള വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ അപാകം സംബന്ധിച്ച് 14/28-10-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-13 ബ്ലോക്ക് ഓഫീസിലേക്കാവശ്യമായ കമ്പ്യൂട്ടർ, ഉപകരണങ്ങൾ എന്നിവ വാങ്ങൽ - അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്. |
| പ്രോജക്റ്റ് നമ്പർ/പേര് | 170/22<br>ബ്ലോക്ക് ഓഫീസിലേക്കാവശ്യമായ കമ്പ്യൂട്ടർ, ഉപകരണങ്ങൾ എന്നിവ വാങ്ങൽ |
| അടങ്കൽ | ₹1,09,891 വികസന ഫണ്ട്-ജനറൽ<br>₹79,700 ധനകാര്യ കമ്മീഷൻ അവാർഡ്<br>ആകെ : ₹189591 |
| ചെലവ് | ₹1,09,891<br>ബിൽ നമ്പർ/തീയതി : 39/21-22/19-3-2022 വികസന ഫണ്ട് |

| | |
|---|---|
| | ₹49,297<br>ബിൽ നമ്പർ/തീയതി : 267/10-3-2022 ധനകാര്യ കമ്മീഷൻ അവാർഡ്<br>ആകെ : ₹1,59,188 |

ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്കാവശ്യമായ കമ്പ്യൂട്ടർ, ഉപകരണങ്ങൾ എന്നിവ സി പി ആർ സി എസ് മുഖേന വാങ്ങുന്നതിനാണ് മേൽ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. കെൽട്രോൺ 4 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ ലഭ്യമാക്കുന്നതിനായി 28-2-2022 ന് ₹159188 യുടെ (4 X 39797) പ്രഫോർമ ഇൻവോയ്സ് (TVM/ITBG/PI/RC/35825 /20-21) ലഭ്യമാക്കിയതിന്റെ അടിസ്ഥാന ത്തിൽ മേല്പറഞ്ഞ പ്രകാരം തുക പിൻവലിച്ച് കേരള സ്റ്റേറ്റ് ഐടി മിഷന്റെ ട്രഷറി അക്കൗണ്ടിലേക്ക് ₹159188 ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.എ-സെക്ഷൻ ക്ലാർക്ക്, ബി-സെക്ഷൻ ഡിപ്ലോയ്മെന്റ് ക്ലാർക്ക്, സി-സെക്ഷൻ ക്ലാർക്ക് എന്നിവർ അവരുടെ കേടായ കമ്പ്യൂട്ടർ മാറ്റി പുതിയവ ലഭ്യമാക്കാൻ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഡി-604/21/5-1-2022 നമ്പർ കത്ത് പ്രകാരം ഇലക്ട്രോണിക്സ് വിഭാഗം അസ്സിസ്റ്റന്റ് എഞ്ചിനീയർ കണ്ണൂർ എന്നവർക്ക് മേൽപ്പറഞ്ഞ 3 കമ്പ്യൂട്ടറുകളും ഒരു പ്രിന്ററും തകറാറിലായത് പരിശോധിച്ച് പ്രവർത്തന ക്ഷമതാ റിപ്പോർട്ട് നൽകുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട്. എന്നാൽ തകരാറിലായ കമ്പ്യൂട്ടറുകൾ പരിശോധിച്ചതിന്റെ പ്രവർത്തന ക്ഷമതാ റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. 14-2-2022 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ യോഗത്തിലെ 3-ാം നമ്പർ തീരുമാനപ്രകാരം 4 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ സി പി ആർ സി എസ് വഴി വാങ്ങുന്നതിന് തീരുമാനിക്കുകയും കെൽട്രോണിന്റെ TVM/ITBG/PI/RC/35825/20-21/28-2-2022 -ാം നമ്പർ പ്രഫോർമ ഇൻവോയ്സ് പ്രകാരം ₹1,59,188 കേരള സ്റ്റേറ്റ് ഐ ടി മിഷന് നൽകുകയും ചെയ്തിട്ടുണ്ട്. 3 കമ്പ്യൂട്ടറുകൾ കേടായതിന് 4 കമ്പ്യൂട്ടറുകൾ വാങ്ങാൻ തീരുമാനിച്ചതിന്റെ കാരണം വ്യക്തമല്ല.

2.കെൽട്രോൺ 4 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ ലഭ്യമാക്കിയതിന്റെ അസ്സൽ ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3.ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ട്, പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4.ഇലക്ട്രോണിക്സ് വിഭാഗം അസ്സിസ്റ്റന്റ് എഞ്ചിനീയർ, കണ്ണൂർ എന്നവർക്ക് പുതുതായി വാങ്ങിയ 4 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ ലഭ്യമായത് പരിശോധിച്ച് ഗുണനിലവാര സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ഡി/604/21/2-7-2022 നമ്പർ കത്ത് പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും പരിശോധനാ റിപ്പോർട്ട് ലഭിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

5.സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ബി ഡി ഒ, ഹെഡ് ക്ലാർക്ക്, സി-സെക്ഷൻ, പ്രോജക്ട് അസിസ്റ്റന്റ് എന്നിവർക്കാണ് മേൽപ്പറഞ്ഞ 4 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ വിതരണം ചെയ്തിട്ടുള്ളത്. കമ്പ്യൂട്ടർ കേടായ എ-സെക്ഷൻ ക്ലാർക്ക്, ബി-സെക്ഷൻ ഡിപ്ലോയ്മെന്റ് ക്ലാർക്ക് എന്നിവർക്ക് ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ അനുവദിക്കാത്തതിന്റെ കാരണം വ്യക്തമല്ല.

മേൽപറഞ്ഞ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കാൻ 22/31-10-22 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 2022-23 വാർഷിക പദ്ധതി ഭേദഗതിയിൽ ആവശ്യപ്പെട്ട ക്ലാർക്ക്മാർക്ക് കമ്പ്യൂട്ടറുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. കമ്പ്യൂട്ടറുകൾ വാങ്ങുന്നതിലും വിതരണം നടത്തുന്നതിലും നിശ്ചയിച്ചതിൽ നിന്നും മാറ്റം വരുത്തുമ്പോൾ കൃത്യമായ ഓഫീസ് ഓർഡർ/ഓഫീസ് നോട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിക്കേണ്ടതും മേല്പറഞ്ഞ അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-14 പത്താം തരം, പ്ലസ് വൺ തുല്യത കോഴ്സ്- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/ പേര് | 76/22<br>പത്താം തരം, പ്ലസ് വൺ തുല്യത കോഴ്സ് ഫീസ് അനുവദിക്കൽ |
| അടങ്കൽ | ₹70,000 വികസന ഫണ്ട് - ജനറൽ<br>₹51,250 മറ്റുള്ളവ<br>ആകെ : ₹1,21,250 |

| | |
|---|---|
| ചെലവ് | ₹49,000<br>ബിൽ നമ്പർ/ തീയതി : 16/21-22/30-7-2021 വികസന ഫണ്ട്. |

ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിലെ പത്താംതരം, ഹയർ സെക്കന്ററി തുല്യത പരീക്ഷകൾക്കുവേണ്ടി സാക്ഷരതാ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്ത പഠിതാക്കളുടെ കോഴ്സ് ഫീസ് ജില്ലാ സാക്ഷരത മിഷനിൽ ഒടുക്കുന്നതിനാണ് സെക്രട്ടറി മേൽ പ്രോജക്ട് നടപ്പിലാക്കിയത്. കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടത്തിവരുന്ന ഹയർസെക്കന്ററി തുല്യത കോഴ്സിൽ 14 പഠിതാക്കളെയും പത്താംതരം തുല്യതക്ക് 28 പഠിതാക്കളേയും രജിസ്റ്റർ ചെയ്യിക്കുകയും പ്ലസ്സ് വൺ കോഴ്സ് ഫീസായി മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി 14 പഠിതാക്കൾക്ക് ഗുണഭോക്തൃ വിഹിതം ഒരു പഠിതാവിന് ₹1,000 പ്രകാരം ₹14,000 യും പദ്ധതി വിഹിതം ഒരു പഠിതാവിന് ₹1,500 പ്രകാരം ₹21,000 യും (ആകെ ₹35,000) പത്താംതരം തുല്യത കോഴ്സിൽ 28 പഠിതാക്കൾക്ക് ഗുണഭോക്തൃ വിഹിതമായി ഒരു പഠിതാവിന് ₹850 പ്രകാരം ₹23,800 യും പദ്ധതി വിഹിതം ഒരു പഠിതാവിന് ₹1,000 പ്രകാരം ₹28,000 യും (ആകെ ₹51,800) പിൻവലിച്ച് സാക്ഷരത മിഷൻ ഡയറക്ടർക്ക് നൽകുന്നു. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത ₹37,800 (14,000 + 23,800) സംസ്ഥാന സാക്ഷരതാ മിഷന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ടെങ്കിലും (വൗച്ചർ നമ്പർ 22100218/30-7-2021) ഈയിനത്തിൽ സുലേഖ ചെലവ് പത്രികയിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല.

2. ബിൽ നമ്പർ 16/21-22/30-7-2021 പ്രകാരം പിൻവലിച്ച ₹49,000 സംസ്ഥാന സാക്ഷരതാ മിഷന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട് (₹21,000 ഹയർസെക്കന്ററി തുല്യത അക്കൗണ്ട് നമ്പർ 02880100113107 ലേക്കും ₹28,000 പത്താംതരം തുല്യത അക്കൗണ്ട് നമ്പർ 57026996123 ലേക്കും). എന്നാൽ തുക കൈപ്പറ്റിയത് സംബന്ധിച്ച് സംസ്ഥാന സാക്ഷരത മിഷനിൽ നിന്നും അനുവദിക്കുന്ന ഒറിജിനൽ രശീതി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കിയതിന്റെയും തുടർപഠനം നടത്തിയതിന്റെയും വിവരങ്ങൾ ലഭ്യമല്ല.

4. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല.

മേൽപറഞ്ഞ അപാകങ്ങൾ സംബന്ധിച്ച് 19/29-10-2022 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-15 വനിതകൾക്കും വനിതാ ഗ്രൂപ്പ് സംരഭങ്ങൾക്കും സംരംഭം തുടങ്ങുന്നതിന് സ്ഥലം വാങ്ങൽ - അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്. |
| പ്രോജക്ട് നമ്പർ / പേര് | 148/22<br>വനിതകൾക്കും വനിതാ ഗ്രൂപ്പ് സംരഭങ്ങൾക്കും സംരംഭം തുടങ്ങുന്നതിന് സ്ഥലം വാങ്ങൽ |
| അടങ്കൽ | ₹2596596 വികസന ഫണ്ട് – ജനറൽ |
| ചെലവ് | ₹ 2340000 ബിൽ നമ്പർ/തീയതി : 34/21-22/18-1-2022 |

വനിതകൾക്കും വനിതാ ഗ്രൂപ്പ് സംരഭങ്ങൾക്കും സംരംഭം തുടങ്ങുന്നതിന് സ്ഥലം വാങ്ങുന്നതിനായി തയ്യാറാക്കിയ പ്രോജക്ടിൽ സ്ഥലം വാങ്ങുന്നതിന് പത്രപരസ്യം നൽകിയതിന്റെ അടിസ്ഥാനത്തിൽ മുർഷിദ്. എൻ. പി, നായക്കൻ പുതിയ പുരയിൽ എന്നവർ മലപ്പട്ടം വില്ലേജിൽ റീ.സർവ്വേ നമ്പർ 264/8 ൽ 23.68 ആർ സ്ഥലം വിട്ടുനൽകാൻ തയ്യാറാകുകയും അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ) കണ്ണൂരിന്റെ 4-2-22 ലെ RD.5/346/2022 നമ്പർ അനുയോജ്യതാ സർട്ടിഫിക്കറ്റ്, കണ്ണൂർ ജില്ലാ കലക്ടറുടെ 21-3-22 ലെ C2/2969/22 നമ്പർ ലാന്റ് വാല്യൂ സർട്ടിഫിക്കറ്റ്, അഡ്വക്കേറ്റ് ഫോർ ഗവൺമെന്റ് ശ്രീ. അനൂപ് കുമാറിന്റെ 22-3-22 ലെ നിയമോപദേശം എന്നിവ പ്രകാരം ₹2340000 പിൻവലിച്ച് സ്ഥലമുടമയുടെ ആക്സിസ് ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 799013100000441) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. 2022 മാർച്ച് 25 ന് നായക്കൻ പുതിയ പുരയിൽ മുർഷിദ് ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ എഴുതിക്കൊടുത്ത ജന്മതീറാധാരത്തിന്റെ റഫ് പകർപ്പ് ഫയലിൽ ചേർത്തു വച്ചിട്ടുണ്ട്. ഭൂമി വാങ്ങിയതുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ മലപ്പട്ടം വില്ലേജ് ഓഫീസിൽ ഭൂനികുതി ഒടുക്കിയതിന്റെ അസ്സൽ രശീത് ലഭ്യമാക്കുന്നതിനും വനിതകൾക്കും വനിതാ ഗ്രൂപ്പ് സംരഭങ്ങൾക്കും സംരംഭം തുടങ്ങുന്നതിന് വാങ്ങിയ സ്ഥലത്ത് ഇതിനോടകം ആരംഭിച്ച സംരഭങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിനും ഭൂമി ചുറ്റുമതിൽ കെട്ടി സംരക്ഷിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ ബോർഡ് സ്ഥാപിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/28-10-22) സർക്കാർ വക സ്ഥലമായതിനാൽ ടി സ്ഥലത്തിന് ബ്ലോക്ക് പഞ്ചായത്ത് നികുതി ഒടുക്കിയിട്ടില്ല എന്നും 2022-23 വർഷം ഇരിക്കൂർ ബ്ലോക്ക് വനിത അപ്പാരൽ പാർക്ക് - അടിസ്ഥാന സൗകര്യമൊരുക്കൽ എന്ന പദ്ധതി പ്രകാരം പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്നും മറുപടി സമർപ്പിച്ചിട്ടുണ്ട്. തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങളുടെ പേരിലുള്ള ഭൂമിയെ ഭൂനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്നതിനാൽ പ്രസ്തുത സ്ഥലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ പോക്കുവരവു നടത്തി ഭൂനികുതി ഒടുക്കുന്നതിനും സ്ഥലം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിനും ബ്ലോക്ക് വനിത അപ്പാരൽ പാർക്ക് ആരംഭിക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ഐ കെ എം ന് വിഹിതം നൽകൽ -വിനിയോഗ വിവരം ലഭ്യമാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ / പേര് | 1/22 ഐ കെ എം ന് അടക്കേണ്ട വിഹിതം |
| അടങ്കൽ | ₹34770വികസന ഫണ്ട് – ജനറൽ |
| ചെലവ് | ₹34770 ബിൽ നമ്പർ : 14/21-22/13-7-2021 |

ഐ കെ എം ന് അടക്കേണ്ട വിഹിതം അടച്ച് സേവനം ഉറപ്പ വരുത്തുന്നതിന വേണ്ടിയാണ് മേൽ പ്രോജക്റ്റ് തയ്യാറാക്കിയിട്ടുള്ളത്. 2020-21 വർഷം കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതത്തിന്റെ വിശദാംശങ്ങൾ ലഭിക്കുന്നതിന മുമ്പ് പദ്ധതി തയ്യാറാക്കിയത് ഡി പി സി അംഗീകരിക്കുകയാണ് ഉണ്ടായത്. ആയതിനാൽ അപ്പോൾ ലഭ്യമായ വിഹിതത്തിന്റെ 0.1% ആയ ₹34770 യാണ് പദ്ധതിയിൽ വകയിരുത്തിയത്. എന്നാൽ ഐ കെ എം കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷന്റെ 20-1-21 ലെ IKM/എ7/955/2021 ഡിമാന്റ് ലെറ്റർ പ്രകാരം ധനകാര്യ കമ്മീഷൻ വിഹിതം കൂടി ഉൾപ്പെടെ ₹47711 യാണ് ഒടുക്കേണ്ടിയിരുന്നത്. മേൽ പദ്ധതിയിൽ ലഭ്യമായ തുക ₹34770 മാത്രമാണ് ഐ കെ എം ന് അനുവദിച്ചിട്ടുള്ളത്. റിവിഷൻ സൗകര്യം ലഭ്യമാകുന്ന മുറയ്ക്ക് ബാക്കി തുകയായ ₹12941 കൂടി ഉൾപ്പെടുത്തി പദ്ധതി റിവിഷൻ ചെയ്ത് ഐ കെ എം ന് അനുവദിക്കാൻ തീരുമാനിച്ചിരുന്നു.

₹34,770 യുടെ വിനിയോഗ സാക്ഷ്യപത്രം ₹12,941 കൂടി ഉൾപ്പെടുത്തി പദ്ധതി റിവിഷൻ ചെയ്ത് ₹47,711 അനുവദിച്ചിട്ടുണ്ടെങ്കിൽ മുഴുവൻ തുകയുടെയും വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കാനായി 21/29-10-2022 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ബാലൻസ് തുക കൂടി ഉൾപ്പെടുത്തി ഐ കെ എം പുതിയ ഡിമാന്റ് ലഭ്യമാക്കിയിട്ടുണ്ടെന്നും 2022-23 വർഷം തയ്യാറാക്കിയ പ്രോജക്റ്റിൽ ഈ തുക വകയിരുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ തൻവർഷം അനുവദിച്ച ₹34,770 യുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-17 ആനവേലി നിർമ്മാണത്തിന് പയ്യാവൂർ ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്. |
| പ്രോജക്റ്റ് നമ്പർ/പേര് | 137/22, ആനവേലി നിർമ്മാണത്തിന്<br>പയ്യാവൂർ ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ |
| അടങ്കൽ | ₹500000 വികസന ഫണ്ട് - ജനറൽ<br>₹2500000 മറ്റ് ഗ്രാമ പഞ്ചായത്ത്<br>ആകെ : ₹3000000 |
| ചെലവ് | ₹500000 ബിൽ നമ്പർ/തീയതി : 34/21-22/18-1-2022 |

ആനവേലി നിർമ്മാണത്തിന് പയ്യാവൂർ ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകുന്നതിനായി തയ്യാറാക്കിയ പ്രോജക്റ്റിൽ മേല്പറഞ്ഞ ബിൽ പ്രകാരം ₹500000 പിൻവലിച്ച് പയ്യാവൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ ട്രഷറി അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 799013100000441) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് തുക വിനിയോഗിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-18 പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും മുറിയിൽ ഫർണിച്ചർ വാങ്ങൽ - സിഡ്കോയിൽ നിന്നുള്ള അസ്സൽ ബില്ലും സ്റ്റോക്കിലെടുത്തതിന്റെ രേഖകളും ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്. |
| പ്രോജക്റ്റ് നമ്പർ / പേര് | 152/22<br>പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും മുറിയിൽ<br>ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ | ₹ 25000 വികസന ഫണ്ട് - ജനറൽ |

| | |
|---|---|
| ചെലവ് | ₹ 24181 ബിൽ നമ്പർ/ തീയതി : 37/21-22/17-2-2022 |

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടിന്റെയും സെക്രട്ടറിയുടെയും മുറിയിൽ ഓരോ റിവോൾവിംഗ് ചെയർ വാങ്ങുന്നതുമായി ബന്ധപ്പെട്ട് സിഡ്കോ ജനറൽ മാനേജർ ലഭ്യമാക്കിയ 25-1-2022 ലെ SSE KKD/PI/21-22/224 നമ്പർ പ്രഫോർമ ഇൻവോയ്സ് പ്രകാരമുള്ള 2 റിവോൾവിംഗ് ചെയറിന്റെ വിലയായ ₹24181 ബിൽ നമ്പർ 37/21-22/17-2-2022 പ്രകാരം കേരള സിഡ്കോയുടെ അക്കൗണ്ടിലേക്ക് (യൂക്കോ ബാങ്ക്, അക്കൗണ്ട് നമ്പർ 01470200001780) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. റിവോൾവിംഗ് ചെയറുകൾ ലഭിച്ചതിന്റെ ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് 20/29-10-22 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ബിൽ ട്രഷറിയിൽ ഹാജരാക്കിയെന്നും പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കുമെന്നും മറുപടി ഹാജരാക്കിയിട്ടുണ്ട്. ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-19 ലൈഫ് ഭവന പദ്ധതി 2021-22- കൈപ്പറ്റ് രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്. |
| പ്രോജക്ട് നമ്പർ/പേര് | 32/22 ലൈഫ് ഭവന പദ്ധതി 2021-22 |
| അടങ്കൽ | ₹47,59,800 വികസന ഫണ്ട്-ജനറൽ<br>₹4,42,350 ധനകാര്യ കമ്മീഷൻ അവാർഡ്<br>₹1,00,00,000 മറ്റ് ഗ്രാമ പഞ്ചായത്ത്<br>ആകെ : ₹1,52,02,150 |
| ചെലവ് | ₹46,95,743 വികസന ഫണ്ട്<br>(ബിൽ നമ്പറും തീയതിയും ചുവടെ പട്ടികയിൽ ചേർത്തിട്ടുണ്ട്) |

ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് 2021-22 വാർഷിക പദ്ധതി പ്രകാരം ലൈഫ് പദ്ധതിക്ക് വേണ്ടി വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് മേൽ പദ്ധതി പ്രകാരം വിഹിതം കൈമാറിയിട്ടുണ്ട്. ജനറൽ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കാണ് പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | തുക അനുവദിച്ച ബ്ലോക്ക് പഞ്ചായത്ത് നടപടി ക്രമം തീയതി | ബിൽ നമ്പർ/ തീയതി | തുക ₹ | തുക ലഭിച്ച ഗ്രാമ പഞ്ചായത്ത് |
|---|---|---|---|---|
| 1 | എ.477/21/8-2-22 | 31/21-22/9-2-22 | 480000 | പയ്യാവൂർ |
| 2 | എ.477/21/8-2-22 | 31/21-22/9-2-22 | 480000 | മയ്യിൽ |
| 3 | എ.477/21/11-2-22 | 35/21-22/17-2-22 | 80000 | ഇരിക്കൂർ |
| 4 | എ.477/21/16-9-21 | 76/16-9-21 (ACR) | 255743 | മലപ്പട്ടം |
| 5 | എ.477/21/18-10-21 | 78/16-9-21(ACR) | 180000 | മയ്യിൽ |
| 6 | എ.477/21/18-10-21 | 77/16-9-21(ACR) | 960000 | കുറ്റ്യാട്ടൂർ |
| 7 | ലഭ്യമല്ല | 58/4-8-21(ACR) | 1100000 | ഉളിക്കൽ |

| | | | | |
|---|---|---|---|---|
| 8 | ലഭ്യമല്ല | 64/18-8-21(ACR)<br>65/18-8-21 | 600000<br>560000 | പടിയൂർ- കല്ല്യാട് |
| | ആകെ | | 4695743 | |

ഇതിൽ മയ്യിൽ ഗ്രാമ പഞ്ചായത്ത് മാത്രമാണ് മുഴവൻ തുകയും വിനിയോഗിച്ച് സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുള്ളത്. മറ്റ് ഗ്രാമ പഞ്ചായത്തുകളിൽ നിന്നും തുക കൈപ്പറ്റിയതിന്റെ രേഖകളും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/31.10.2022) വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച തുക കൈപ്പറ്റിയതിന്റെ രേഖകളും വിനിയോഗ സാക്ഷ്യപത്രങ്ങളും അതത് ഗ്രാമപഞ്ചായത്തുകളിൽ നിന്ന് വാങ്ങി ഓഡിറ്റ് പരിശോധനയ്ക്ക് സമർപ്പിക്കുമെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-20 ലൈഫ് ഭവന പദ്ധതി (പട്ടിക വർഗ്ഗം) 2021-22- കൈപ്പറ്റ് രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്. |
| പ്രോജക്ട് നമ്പർ / പേര് | 35/22 ലൈഫ് ഭവന പദ്ധതി – പട്ടിക വർഗ്ഗം 2021-22 |
| അടങ്കൽ | ₹ 732000 വികസന ഫണ്ട് -ടി എസ് പി<br>₹1000000 മറ്റ് ഗ്രാമ പഞ്ചായത്ത്<br>ആകെ : ₹1732000 |
| ചെലവ് | ₹710000 ബിൽ നമ്പർ 49/21-22/27-7-2021 വികസന ഫണ്ട് |

ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് 2021-22 വാർഷിക പദ്ധതി പ്രകാരം ലൈഫ് പദ്ധതിക്ക് (പട്ടിക വർഗ്ഗം) വേണ്ടി വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം കൈമാറുന്നതിനാണ് മേൽ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തുകളുടെ അപേക്ഷകളോ തുക അനുവദിച്ചുകൊണ്ടുള്ള ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ നടപടിക്രമങ്ങളോ ഫയലിൽ ലഭ്യമല്ല. പടിയൂർ-കല്ല്യാട് ഗ്രാമപഞ്ചായത്തിന്റെ ഈ പദ്ധതി പ്രകാരമുള്ള പ്രോജക്ടും (പ്രോജക്ട് നമ്പർ 51/22) സാംഖ്യ ഓൺലൈൻ ബില്ലും മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ബിൽ പ്രകാരമുള്ള തുക പടിയൂർ ഗ്രാമ പഞ്ചായത്തിനാണ് കൈമാറിയതെന്ന് ബില്ലിൽ എഴുതിച്ചേർത്തിട്ടുണ്ട്. സുലേഖ ചെലവ് പത്രികയിലും വികസന ഫണ്ട് ടി എസ് പി - എ സി ആറിലും (ബിൽ നമ്പർ 49/27-7-21) ₹710000 ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. വിഹിതം ലഭിച്ച ഗ്രാമപഞ്ചായത്തുകൾ തുക കൈപ്പറ്റിയതിന്റെ രേഖകളും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി 26/31-10-2022 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണത്തിന് വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് തുക അനുവദിച്ചതിന്റെ നടപടിക്രമവും തുക കൈപ്പറ്റിയതിന്റെ രേഖകളും വിനിയോഗ സാക്ഷ്യപത്രങ്ങളും അതത് ഗ്രാമപഞ്ചായത്തുകളിൽ നിന്ന് വാങ്ങി ഓഡിറ്റ് പരിശോധനയ്ക്ക് സമർപ്പിക്കുമെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. രേഖകൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-21 ലൈഫ് ഭവന പദ്ധതി (പട്ടിക ജാതി) 2021-22- കൈപ്പറ്റ് രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്. |
| പ്രോജക്ട് നമ്പർ/പേര് | 34/22 ലൈഫ് ഭവന പദ്ധതി 2021-22 |
| അടങ്കൽ | ₹822000 വികസന ഫണ്ട്-എസ് സി പി<br>₹1000000 മറ്റുള്ളവ<br>ആകെ : ₹1822000 |
| ചെലവ് | ₹822000 വികസന ഫണ്ട് |

ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് 2021-22 വാർഷിക പദ്ധതിയിൽ ലൈഫ് പദ്ധതിക്ക് (പട്ടിക ജാതി) വേണ്ടി വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് മേൽ പദ്ധതി പ്രകാരം വിഹിതം കൈമാറിയിട്ടുണ്ട്. വിഹിതം ലഭിച്ച ഗ്രാമപഞ്ചായത്തുകൾ

തുക കൈപ്പറ്റിയതിന്റെ രേഖകളും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | തുക അനുവദിച്ച ബ്ലോക്ക് പഞ്ചായത്ത് നടപടി ക്രമം/ തീയതി | ബിൽ നമ്പർ/ തീയതി | തുക₹ | തുക ലഭിച്ച ഗ്രാമ പഞ്ചായത്ത് |
|---|---|---|---|---|
| 1 | എ.477/21/8-7-2021 | 29/9-7-21 | 320000 | ഉളിക്കൽ |
| 2 | എ.477/21/8-7-2021 | 28/9-7-21 | 160000 | ഇരിക്കൂർ |
| 3 | എ.477/21/11-2-2022 | 66/18-8-21 | 100000 | ഇരിക്കൂർ |
| 4 | ലഭ്യമല്ല | 48/27-7-21 (ACR) | 160000 | ഏത് പഞ്ചായത്തിനാണ് അനുവദിച്ചതെന്ന് വ്യക്തമല്ല |
| 5 | എ.477/21/18-10-2021 | 84/17-9-21(ACR) | 82000 | പടിയൂർ- കല്ല്യാട് |
| | ആകെ | | 822000 | |

തുക അനുവദിച്ച മുഴുവൻ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും തുക കൈപ്പറ്റിയതിന്റെ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/31-10-2022) മുഴുവൻ ഗ്രാമപഞ്ചായത്തുകളിൽ നിന്നും കൈപ്പറ്റ് രേഖകളും വിനിയോഗ സാക്ഷ്യപത്രങ്ങളും വാങ്ങി ഓഡിറ്റിന് സമർപ്പിക്കുമെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ആവശ്യമായ രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-22 സാക്ഷരത തുടർ വിദ്യാഭ്യാസം കോഴ്സ് ഫീസ് നൽകൽ - രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പേര് | 30/22<br>സാക്ഷരത തുടർ വിദ്യാഭ്യാസം കോഴ്സ് ഫീസ് നൽകൽ |
| അടങ്കൽ | ₹ 70,000 വികസന ഫണ്ട് ജനറൽ<br>₹ 51,250 മറ്റുള്ളവ<br>ആകെ : ₹1,21,250 |
| ചെലവ് | ₹69,500<br>ബിൽ നമ്പർ/തീയതി : 44/21-22/26-3-2022 വികസന ഫണ്ട്.<br>₹51,100 ചെക്ക് നമ്പർ : 5772476/23-3-2022 മറ്റുള്ളവ<br>ആകെ : ₹120600 |

ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിലെ പത്താംതരം, ഹയർ സെക്കന്ററി തുല്യത പരീക്ഷകൾക്കു വേണ്ടി സാക്ഷരതാ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്ത പഠിതാക്കളുടെ കോഴ്സ് ഫീസ് ജില്ലാ സാക്ഷരത മിഷനിൽ ഒടുക്കുന്നതിനാണ് സെക്രട്ടറി മേൽ പ്രോജക്ട് നടപ്പിലാക്കിയത്. കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടത്തിവരുന്ന ഹയർസെക്കന്ററി തുല്യത കോഴ്സിൽ 29 പഠിതാക്കളെയും പത്താംതരം തുല്യതക്ക് 26 പഠിതാക്കളേയും രജിസ്റ്റർ ചെയ്യിക്കുകയും പ്ലസ്സ് വൺ കോഴ്സ് ഫീസായി മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി 29 പഠിതാക്കൾക്ക് ഗുണഭോക്തൃ വിഹിതം ഒരു പഠിതാവിന് ₹1000 പ്രകാരം ₹29,000 യും പദ്ധതി വിഹിതം ഒരു പഠിതാവിന് ₹1500 പ്രകാരം ₹43,500 യും (ആകെ ₹72500) പത്താംതരം തുല്യത കോഴ്സിൽ 26 പഠിതാക്കൾക്ക് ഗുണഭോക്തൃ വിഹിതമായി ഒരു പഠിതാവിന് ₹850 പ്രകാരം ₹22,100 യും പദ്ധതി വിഹിതം ഒരു പഠിതാവിന് ₹1000 പ്രകാരം ₹26,000 യും (ആകെ ₹120600) പിൻവലിച്ച് സാക്ഷരത മിഷൻ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.ബിൽ നമ്പർ 44/21-22/26-3-2022 പ്രകാരം പിൻവലിച്ച ₹69,500 യിൽ ₹26,000 കണ്ണൂർ ജില്ലാ സാക്ഷരതാ മിഷന്റെ അക്കൗണ്ടിലേക്കും (അക്കൗണ്ട് നമ്പർ 57026996123) ₹43,500 സംസ്ഥാന സാക്ഷരതാ മിഷന്റെ അക്കൗണ്ടിലേക്കും (അക്കൗണ്ട് നമ്പർ 02880100113107) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയത് സംബന്ധിച്ച് സംസ്ഥാന സാക്ഷരത മിഷനിൽ നിന്നും അനുവദിക്കുന്ന ഒറിജിനൽ രശീതി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2.പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കിയതിന്റെയും തുടർപഠനം നടത്തിയതിന്റെയും വിവരങ്ങൾ ലഭ്യമല്ല.

3.പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾ പരിഹരിക്കുന്നതിനായി 19/29-10-2022 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ

ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യമായ രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-23 ഉളിക്കൽ മലമുട്ട കോളനി കോളനി കുടിവെള്ള പദ്ധതി (ഉളിക്കൽ ഗ്രാ.പ) - അപാകതകൾ ₹296002 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്ട് നമ്പർ / പേര് | 106/22<br>ഉളിക്കൽ മലമുട്ട കോളനി കുടിവെള്ള പദ്ധതി<br>(ഉളിക്കൽ ഗ്രാമ പഞ്ചായത്ത്) - സ്പിൽ ഓവർ |
| അടങ്കൽ | ₹296002 വികസന ഫണ്ട് - ടി എസ് പി |
| ചെലവ് | ₹296002<br>ബിൽ നമ്പർ : 211905630093005298 19/18-10-2021<br>(ഫൈനൽ ബിൽ) |
| സാങ്കേതികാനുമതി / തുക | 66356/2020-21 ( R.E) Dated 01.03.2021 ₹467422 |
| എസ്റ്റിമേറ്റ് നമ്പർ | 2020/109657 |
| കരാറുകാരൻ | ശ്രീ. സന്തോഷ് പി (എസ്റ്റിമേറ്റ് നിരക്ക്) |
| കരാർ | AE/LSGD/IKR/34/2020-21 Dtd. 01.10.20 |
| എം.ബുക്ക് നമ്പർ | 37/20-21 |

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 11/2018/ത.സ്വ.ഭ.വ തിയ്യതി 29.01.2018 നമ്പർ ഉത്തരവ് പ്രകാരം കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതിന് താഴെപറയുന്ന നിബന്ധനകൾ നിർദേശിച്ചിട്ടുണ്ട്.

1. ജല ലഭ്യത ഉറപ്പുവരുത്തി വിദഗ്ധരെക്കൊണ്ട് സാക്ഷ്യപ്പെടുത്തി ജല സ്രോതസ്സ് തീരുമാനിച്ച ശേഷം മാത്രമെ കുടിവെള്ള പ്രൊജക്ടുകൾ ഏറ്റെടുക്കാവൂ.

2. എല്ലാ കുടിവെള്ള പ്രൊജക്ടുകൾക്കും പരമാവധി ഗുണഭോക്തൃ വിഹിതം സമാഹരിക്കാനുള്ള വ്യവസ്ഥ പ്രൊജക്ടിൽ ഉൾപ്പെടുത്തണം, അതോടൊപ്പം പദ്ധതിയുടെ തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃസമിതിയുടെ ചുമതലയാണ് എന്നും പ്രൊജക്ടിൽ വ്യവസ്ഥ ചെയ്യണം.

3. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ സമ്മതത്തോടെ കുടിവെള്ള പ്രൊജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്)22/2018/ത.സ്വ.ഭ.വ തിയ്യതി 14-02-2018 നമ്പർ ഉത്തരവ് പ്രകാരം കുടിവെള്ള പദ്ധതികളുടെ സംരക്ഷണവും തുടർ നടത്തിപ്പും ഗുണഭോക്തൃ സമിതികൾ തന്നെ ഏറ്റെടുക്കേണ്ടതാണ് എന്നും അങ്ങനെ വ്യവസ്ഥചെയ്തതിന് ശേഷം കരാറിൽ ഏർപ്പെട്ട ശേഷമേ കുടിവെള്ള പ്രൊജക്ടുകളുടെ നിർവഹണം ഏറ്റെടുക്കാവൂ എന്നും നിർദ്ദേശിച്ചതാണ്. കൂടാതെ കുടിവെള്ള കിണർ, ടാങ്ക് എന്നിവ സ്ഥാപിക്കുന്ന സ്ഥലം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വിട്ടുകിട്ടിയതായിരിക്കുകയും വേണം. മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം കോളനിയിൽ താമസിക്കുന്ന 10 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുവാൻ പമ്പ് ഹൗസ് നിർമ്മാണം, കുഴൽ കിണർ നിർമ്മാണം പൈപ്പ്ലൈൻ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾക്കാണ് തുക വകയിരുത്തിയിട്ടുള്ളത്. പ്രവൃത്തിയുടെ ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം പുതിയ ബോർവെൽ നിർമ്മാണം, പമ്പ് ഹൗസ് നിർമ്മാണം, പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ ആണ് പ്രോജക്ടിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും ആയി വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ കേരള ഭൂജല വകുപ്പിന്റെ Yield Test നടത്തിയിട്ടില്ല. Yield Test ന്റെ അഭാവത്തിൽ എസ്റ്റിമേറ്റ് പ്രകാരം ചെയ്ത പൈപ്പ് ലൈൻ നീട്ടൽ പ്രവർത്തനങ്ങൾ എങ്ങിനെയാണ് ഉപയോഗപ്രദമാകുന്നത് എന്ന് വ്യക്തമല്ല.

2. കുടിവെള്ള പദ്ധതി ആയതുകാരണം വിതരണം ചെയ്യാൻ ഉദ്ദേശിച്ച കുടിവെള്ളം കുടിക്കാൻ അനുയോജ്യമാണ് എന്ന് തെളിയിക്കുവാൻ ആവശ്യമായ KWA യിൽ നിന്നും ലഭ്യമായ Water Quality Test റിസൾട്ട് ഫയലിൽ ലഭ്യമല്ല.

3. സ.ഉ.(കൈ).നം.22/2018/ത.സ്വ.ഭ.വ14.02.18 പ്രകാരം കുടിവെള്ള പ്രോജക്ടുകൾ മുഖേന പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തി ഗുണഭോക്തൃഗ്രൂപ്പ് രൂപീകരിക്കേണ്ടതും നിർമ്മാണം പൂർത്തീകരിച്ചശേഷം പ്രോജക്ടിന്റെ തുടർനടത്തിപ്പും അറ്റകുറ്റപ്പണികളുടെ ചുമതലയും ഗുണഭോക്തൃസമിതിയെ ഏൽപ്പിച്ചുകൊടുക്കേണ്ടതുമാണ്. എന്നാൽ ഇത്തരം നടപടികൾ പാലിച്ചതിന്റെയോ കുടിവെള്ള പദ്ധതി ഗുണഭോക്തൃസമിതിക്കോ, ഗ്രാമ പഞ്ചായത്തിനോ കൈമാറിയതായി രേഖയില്ല.

4. കുടിവെള്ള പദ്ധതികളുടെ ഫയലുകളിൽ പദ്ധതികളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച വിവരങ്ങൾ ഇല്ല. പദ്ധതി ആരുടെ ഉടമസ്ഥതയിലാണ് നിലവിൽ ഉള്ളത് എന്ന് തെളിയിക്കുവാൻ സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി ASSET ID പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.
5. പദ്ധതിയുടെ ഇലക്ട്രിഫിക്കേഷൻ, വൈദ്യുതി കണക്ഷൻ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.
6. നിലവിൽ കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാണോ എന്ന് വിലയിരുത്തുവാൻ ഗുണഭോക്തൃ ഗ്രൂപ്പിന്റെ മീറ്റിംഗ് മിനുട്സ് ലഭ്യമാക്കേണ്ടതാണ്.
ഇത് സംബന്ധിച്ച് 4/28-10-2022 പ്രകാരം നല്കിയ ഓഡിറ്റ് എൻക്വയറിക്ക് സ്ഥലം വിട്ടു കിട്ടിയിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അപകങ്ങൾ പരിഹരിച്ച വിവരം ലഭ്യമാക്കേണ്ടതാണ്. വ്യക്തമായ രേഖകളുടെ അഭാവത്തിൽ ₹296002 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 കാലടി ജലസേചന കുളം പമ്പ് ഹൗസ് അനുബന്ധ സൗകര്യങ്ങൾ -അപാകതകൾ - ₹403497 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്ട് നമ്പർ/ പേര് | 122/22<br>കാലടി ജലസേചന കുളം പമ്പ് ഹൗസ് അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ വൈദ്യുതി കണക്ഷൻ |
| അടങ്കൽ | ₹415980 വികസനഫണ്ട് ജനറൽ |
| ചെലവ് | ₹134869 ബിൽ നമ്പർ : 21190563009300529828/18-10-21<br>₹247591 ബിൽ നമ്പർ : 21190563009301494243/27-03-22<br>₹21037 ബിൽ നമ്പർ : 21190563009301171059/21-02-22<br>ആകെ : ₹403497 |

കാലടി ജലസേചന കുളം പമ്പ് ഹൗസ് അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ, വൈദ്യുതി കണക്ഷൻ എന്ന മേൽ പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.
1.സ.ഉ.(കൈ).നം.22/2018/ത.സ്വ.ഭ.വ14.02.18 പ്രകാരം കൃഷി ഓഫീസർ നൽകുന്ന ആയക്കെട്ട് സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ ആണ് ജലസേചന പദ്ധതികൾ ഏറ്റെടുക്കാവുന്നത്. എന്നാൽ തൻവർഷം നടപ്പാക്കിയ പദ്ധതികളുടെ ഫയലുകളിൽ ഈ രേഖകൾ ഇല്ല.
2.കേരളപഞ്ചായത്ത് രാജ് ആക്ട്, 1994 വകുപ്പ് 172(1), നാലാംപട്ടിക പ്രകാരം ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾക്കായുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും ചെറുകിട ജലസേചന പദ്ധതികളും നടപ്പാക്കുകയും പരിപാലിക്കുകയുമാണ് ബ്ലോക്ക് പഞ്ചായത്ത് ചെയ്യേണ്ടത്. ഒന്നിൽ കൂടുതൽ ഗ്രാമപഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കുന്ന ജലസേചന പദ്ധതികളൊന്നും ഏറ്റെടുത്തതിൽ ഉൾപ്പെടുന്നില്ല.
3.ജലസേചന പദ്ധതികളുടെ ഫയലുകളിൽ പദ്ധതികളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച വിവരങ്ങളോ ഇല്ല.
4.പമ്പ് ഹൌസ് നിർമ്മാണം-പൈപ്പ് ലൈൻ സ്ഥാപിക്കൽ, മോട്ടോർ വാങ്ങൽ, പി വി സി വാട്ടർ സ്റ്റോറേജ് ടാങ്ക് സ്ഥാപിക്കൽ എന്നീ പ്രവൃത്തികളാണ് പൂർത്തീകരിച്ചത്. വൈദ്യുതി കണക്ഷന് തുക അടച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ഇല്ല. മുൻപ് ഈ പ്രവൃത്തികൾ ചെയ്തതാണോയെന്നും പദ്ധതി പ്രവർത്തനക്ഷമമാണോയെന്നും വ്യക്തമല്ല.
ഇത് സംബന്ധിച്ച് 5/28-10-2022 പ്രകാരം നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ഓഡിറ്റ് എൻക്വയറിയിൽ പരാമർശിച്ച അപാകങ്ങൾ പരിഹരിച്ച ശേഷമല്ല മറുപടി നൽകിയത്. അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. ₹403497 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 മയ്യിൽ ഗവണ്മെന്റ് യു പി സ്കൂൾ ടോയ്‌ലെറ്റുകളും വാഷ് ബേസിനുകളും നിർമ്മാണം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ / പേര് | 127/22<br>മയ്യിൽ ഗവണ്മെന്റ് യു പി സ്കൂൾ ടോയ്‌ലെറ്റുകളും വാഷ് ബേസിനുകളും നിർമ്മാണം - സ്പിൽഓവർ |

| | |
|---|---|
| അടങ്കൽ | ₹960611 വികസന ഫണ്ട് - പൊതുവിഭാഗം |
| ചെലവ് | ₹652920 ബിൽ നമ്പർ : 2119056300931530798/30-03-2022<br>₹307691 ബിൽ നമ്പർ : 2119056300930O528335/18-10-2021<br>ആകെ : ₹960611 |
| കരാറുകാരൻ | സി. പി. ബാബു |

ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ മേൽ പ്രൊജക്ക് തയ്യാറാക്കിയതിലും നടപ്പാക്കിയതിലും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 172(1) ാം വകുപ്പ്, നാലാം പട്ടിക പ്രകാരം വിദ്യാഭ്യാസ മേഖലയിൽ ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതല സർക്കാർ വ്യവസായ പരിശീലന സ്ഥാപനങ്ങളുടെ നടത്തിപ്പ് മാത്രമാണ്. സ്കൂളുകൾ ഒന്നും തന്നെ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിലല്ല. നിയമ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയിലും അധികാര പരിധിയിലും വരാത്ത മേഖലയിൽ ഫണ്ട് ചെലവഴിക്കുന്നതിന് സർക്കാറിന്റെ അനുമതി ആവശ്യമാണ്. ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാൻ അനുമതിയില്ലാത്ത പ്രൊജക്റ്റ് തയ്യാറാക്കി നടപ്പാക്കി.

2. ഈ കാലയളവിലേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 11/2018/ത.സ്വ.ഭ.വ തിയ്യതി 29.01.2018 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ, ജില്ലാ പഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള സ്കൂളുകളിലെ പശ്ചാത്തല വികസന പ്രൊജക്ടുകൾ അവയുടെ സമ്മതത്തോടെ ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാം എന്നും ഈ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അത്തരത്തിൽ ഒരു അനുമതിയില്ലാതെയാണ് ബ്ലോക്ക് പഞ്ചായത്ത് ഈ പ്രൊജക്റ്റ് നടപ്പാക്കിയത്. ഇത് സംബന്ധിച്ച് 7/28-08-2022 പ്രകാരം നല്കിയ ഓഡിറ്റ് എൻക്വയറിക്ക് അപാകങ്ങൾ അവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണ് എന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയത്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 നടുക്കണ്ടം വയൽ കുളം പൂർത്തീകരണം തുക നൽകൽ- അപാകങ്ങൾ

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്ട് നമ്പർ / പേര് | 114/22<br>നടുക്കണ്ടം വയൽകുളം പൂർത്തീകരണം-തുക നൽകൽ |
| അടങ്കൽ | ₹23169 വികസനഫണ്ട് ജനറൽ |
| ചെലവ് | ₹23169 ബിൽ നമ്പർ : 2119056300930212119/16-07-21 |
| സാങ്കേതികാനുമതി / തുക | 23694/2018-19 ( R.E) Dated 08-03-2019 ₹1100000 |
| എസ്റ്റിമേറ്റ് നമ്പർ | 2018/19924 |
| കരാറുകാരൻ | ശ്രീ. ഷബീർ. കെ. ടി. |
| കരാർ നിരക്ക് | ₹1097834 |
| കരാർ | AE/LSGD/IKR/21/2018-19 Dtd. 12-07-2018 |
| എം.ബുക്ക് നമ്പർ | 21/20-21 |

കുറ്റ്യാട്ടൂർ ഗ്രാമ പഞ്ചായത്തിൽ പാവന്നൂർ നടുക്കണ്ടം പാടശേഖര സമിതിയുടെ നിയന്ത്രണ അധികാരമുള്ള സ്ഥലത്ത്

വേനൽക്കാലത്തു പച്ചക്കറി കൃഷിക്ക് ജല ദൗർബല്യം നേരിടുന്നതിനാൽ ആയതിന് ഒരു പരിഹാരം ആയിട്ടാണ് ജലസേചന കുളം നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചത്. മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം പാവന്നൂർ നടുക്കണ്ടം വയൽ കുളം നിർമ്മാണം ( 10.40 X 10.40 X 6.0 ), പാർശ്വ ഭിത്തി നിർമ്മാണം, പമ്പ് ഹൌസ് നിർമ്മാണം, മോട്ടോർ വാങ്ങൽ, പി വി സി വാട്ടർ സ്റ്റോറേജ് ടാങ്ക് സ്ഥാപിക്കൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ ആണ് വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം കുളം നിർമ്മാണം മാത്രം തൻ വർഷം ഏറ്റെടുത്തു നടപ്പിലാക്കുകയാണ് ചെയ്തിട്ടുള്ളത്. പദ്ധതി ഏറ്റെടുത്തതിലും നടപ്പാക്കിയതിലും താഴെപ്പറയുന്ന അപാകതകൾ വന്നിട്ടുണ്ട്.

1.സ.ഉ.(കൈ).നം.22/2018/ത.സ്വ.ഭ.വ14.02.18 പ്രകാരം കൃഷി ഓഫീസർ നൽകുന്ന ആയക്കെട്ട് സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ ആണ് ജലസേചന പദ്ധതികൾ ഏറ്റെടുക്കാവുന്നത്. എന്നാൽ തൻവർഷം നടപ്പാക്കിയ മേൽ പദ്ധതിയുടെ ഫയലുകളിൽ ഈ രേഖകൾ ഇല്ല.
2.കേരളപഞ്ചായത്ത് രാജ് ആക്ട്, 1994 വകുപ്പ് 172(1), നാലാംപട്ടിക പ്രകാരം ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾക്കായുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും ചെറുകിട ജലസേചന പദ്ധതികളും നടപ്പാക്കുകയും പരിപാലിക്കുകയുമാണ് ബ്ലോക്ക് പഞ്ചായത്ത് ചെയ്യേണ്ടത്. എന്നാൽ മേൽ പദ്ധതിയുടെ ഗുണഭോക്താക്കൾ മുഴുവനും കുറ്റ്യാട്ടൂർ ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെടുന്നവരാണ്. ഒന്നിൽ കൂടുതൽ ഗ്രാമപഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കുന്ന ജലസേചന പദ്ധതികളൊന്നും ഏറ്റെടുത്തതിൽ ഉൾപ്പെടുന്നില്ല.
3.ജലസേചന പദ്ധതികളുടെ ഫയലുകളിൽ പദ്ധതികളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച വിവരങ്ങളോ ഇല്ല. കുളം നിർമ്മിക്കുവാൻ ഉദ്ദേശിച്ച ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ഭൂമിയുടെ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ അവസാന ഘട്ടത്തിൽ ആണെന്ന് പറയുന്നു. ഉടമസ്ഥാവകാശം സംബന്ധിച്ച കൃത്യമായ വിവരം ലഭ്യമാക്കേണ്ടതാണ്.
4.പതിമൂന്നാം പഞ്ചവത്സര പദ്ധതിക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 11/2018/ത.സ്വ.ഭ.വ തിയ്യതി 29.01.2018 നമ്പർ ഉത്തരവ് പ്രകാരം ജലസേചന പദ്ധതികളുടെ തുടർ നടത്തിപ്പും സംരക്ഷണവും പരിപാലനവും പാടശേഖര സമിതിയുടെ ചുമതലയായി പ്രൊജക്ടിൽ വ്യവസ്ഥ ചെയ്യണം എന്നുള്ള നിബന്ധന പാലിച്ചിട്ടില്ല. ജലസേചന പ്രൊജക്ടുകൾക്കു പരമാവധി ഗുണഭോക്തൃ വിഹിതം സമാഹരിക്കാനുള്ള വ്യവസ്ഥ പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിലും പദ്ധതി രൂപീകരണ ഫോറത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി രൂപീകരണ ഫോറത്തിൽ 10 ലക്ഷം രൂപ വികസന ഫണ്ടും 1 ലക്ഷം രൂപ സ്ഥാപനത്തിൽ അടക്കുന്ന ഗുണഭോക്തൃ വിഹിതഹവും ആയിട്ടാണ് അടങ്കൽ ( 11 ലക്ഷം രൂപ) വകയിരുത്തിയിട്ടുള്ളത്. എന്നാൽ പദ്ധതിയുടെ മുഴുവൻ തുകയും ചെലവഴിച്ചിരുന്നത് വികസന ഫണ്ടിൽ നിന്നും മാത്രമാണ്. ഗുണഭോക്തൃ വിഹിതം ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.
5.മേൽ പദ്ധതിയുടെ ബാക്കി പ്രവൃത്തികൾ സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ഇല്ല. തുടർന്ന് വരുന്ന വർഷം പാർശ്വ ഭിത്തി നിർമ്മാണം, പമ്പ് ഹൌസ് നിർമ്മാണം, മോട്ടോർ വാങ്ങൽ, വാട്ടർ സ്റ്റോറേജ് ടാങ്ക് സ്ഥാപിക്കൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ, വൈദ്യുതീകരണം എന്നീ പ്രവൃത്തികൾ പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നുണ്ടോ എന്ന് വ്യക്തമല്ല. അത് കാരണം പദ്ധതി പ്രവർത്തനക്ഷമമാണോയെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച അധിക വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് 7/28-10-2022 പ്രകാരം നല്കിയ ഓഡിറ്റ് എൻക്വയറിക്ക് അപാകങ്ങൾ പരിഹരിച്ചു വിവരം ലഭ്യമാക്കുന്നതാണെന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയത്. അപകങ്ങൾ പരിഹരിച്ചു വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-27 മെയിന്റനൻസ് വർക്കുകൾ - അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ പെട്ട വിവിധ കെട്ടിടങ്ങളുടെ മെയിന്റനൻസ് വർക്കുകൾ 2021-22 ലെ പദ്ധതിയുടെ ഭാഗമായി ചെയ്തിട്ടുണ്ട്. മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം ഉപയോഗിച്ച് നടപ്പിലാക്കിയ ഏതാനും പദ്ധതികളുടെ ഉദാഹരങ്ങൾ താഴെ പറയുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ / പേര് | 2021-22 ൽ ചെലവഴിച്ച തുക | ഫണ്ടിനം |
|---|---|---|---|
| 1 | 108/22<br>കയരളം വേളം വി ഇ ഒ ഓഫീസ് ചുറ്റുമതിൽ നിർമ്മാണം | ₹410008 | മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം |
| 2 | 117/22<br>ബ്ലോക്ക് ഓഫീസ് കോമ്പൗണ്ട് മതിൽ സംരക്ഷണം | ₹499532 | മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം |

| | | | |
|---|---|---|---|
| 3 | 180/22<br>ബ്ലോക്ക് അനുബന്ധ സ്ഥാപനങ്ങളിൽ നടപ്പാത കോൺക്രീറ്റ് ചെയ്യൽ ഫ്ളോറിങ് | ₹537040 | മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം |
| 4 | 160/22<br>സി ഡി പി ഒ ഓഫീസ് കെട്ടിട നവീകരണം | ₹811750 | മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം |
| 5 | 33/22<br>മയ്യിൽ സി എച്ച് സി അറ്റകുറ്റ പ്രവർത്തികൾ | ₹1244394 | മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം |

ആസ്തികളുടെ സംരക്ഷണത്തിനായി ഒരു ആസ്തി സംരക്ഷണ പദ്ധതി രൂപീകരിക്കേണ്ടതാണെന്ന് 13ാം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ അത്തരമൊരു മെയിന്റനൻസ് പ്ലാനിന്റെ അടിസ്ഥാനത്തിലല്ല ബ്ലോക്ക് പഞ്ചായത്തിൽ മേൽ പ്രകാരമുള്ള വർക്കുകൾ നടത്തിയിട്ടുള്ളത്. കെട്ടിടത്തിന്റെ ഗുണഭോക്താക്കൾ മെയിന്റനൻസ് വേണമെന്ന് ആവശ്യപ്പെട്ടതായോ എന്തെല്ലാം പ്രശ്നങ്ങളാണ് പരിഹരിക്കപ്പെടേണ്ടതെന്നോ എസ്റ്റിമേറ്റ് റിപ്പോർട്ടിലും പറയുന്നില്ല. ജി.ഒ (ആർ.ടി.) 166/ 2017/ എൽ.എസ്.ജി.ഡി. തീയതി. 20.01.2017 ഉത്തരവ് പ്രകാരം നിലവിൽ വന്ന അസറ്റ് മാനേജ് മെന്റ് മാന്വൽ അനുസരിച്ച് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാർ, സെക്രട്ടറി, എൽ.എസ്.ജി.ഡി. എൻജിനീയർ, അക്കൗണ്ടന്റ് എന്നിവർ ഉൾപ്പെട്ട ഒരു അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി (Annual Status Assessment Of Asset Condition) അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്റ്റാറ്റജിയും (AMS), അസറ്റ് മാനേജ് മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. അസറ്റ് മാന്വലിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള അസറ്റ് രജിസ്റ്ററും പരിപാലിക്കേണ്ടതാണ്. എന്നാൽ മേൽപ്പറഞ്ഞ നിബന്ധന പാലിച്ചിട്ടുള്ളതായി ഫയലിൽ കാണുന്നില്ല. ഇത് സംബന്ധിച്ച് 8/28-10-2022 പ്രകാരം നല്കിയ ഓഡിറ്റ് എൻക്വയറിക്ക് അസറ്റ് മാനേജ്മെന്റ് സ്റ്റാറ്റജിയും (AMS), അസറ്റ് മാനേജ് മെന്റ് പ്ലാനും (AMP) പരിശോധനക്ക് ലഭ്യമാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. അപാകങ്ങൾ പരിഹരിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച് തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ / തീയ്യതി |
|---|---|---|
| 2021-22 | 27-10-2022 | കെ.എസ്.എ/കെ.എൻ.ആർ/സി.4/1541 /2022 തിയ്യതി 17.02.2023 |

## 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക ₹ | തുക ലഭിച്ച വർഷം | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 3,92,000 | 2021-22 | 37/22 പി. എം. എ. വൈ ഭവന നിർമ്മാണം 2021-22 | 3,92,000 | ഇല്ല |
| 2 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 5,39,459 | 2021-22 | 112/22 പയ്യാവൂർ കരിമ്പങ്കണ്ടി (പട്ടിക വർഗ്ഗ കോളനി) പുഴക്ക് കുറുകെ നടപ്പാലം (സ്പിൽ ഓവർ) | 5,39,459 | ഇല്ല |
| | ആകെ | 9,31,459 | | | 9,31,459 | |
| 3 | മലപ്പട്ടം ഗ്രാമ പഞ്ചായത്ത് | 70,000 | 2021-22 | 37/22 പി. എം. എ. വൈ ഭവന നിർമ്മാണം 2021-22 | 70,000 | ഇല്ല |
| 4 | പയ്യാവൂർ ഗ്രാമ പഞ്ചായത്ത് | 5,95,000 | 2021-22 | 37/22 പി. എം. എ. വൈ ഭവന നിർമ്മാണം 2021-22 | 5,95,000 | ഇല്ല |
| 5 | മയ്യിൽ ഗ്രാമ പഞ്ചായത്ത് | 1,60,000 | 2021-22 | 37/22 പി. എം. എ. വൈ ഭവന നിർമ്മാണം 2021-22 | 1,60,000 | ഇല്ല |
| | ആകെ | 8,25,000 | | | 8,25,000 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 43 | 2002-03 | 1 | അനർഹമായി ആനുകൂല്യം നൽകി | പരാമർശം നിലനിൽക്കുന്നു |
| 1999-2000 | 47 | 2002-03 | 2 | അധിക തുക നഷ്ടം | പരാമർശം നിലനിൽക്കുന്നു |
| 1999-2000 | 49 | 2002-03 | 3 | ടാർ വില ഈടാക്കിയില്ല | പരാമർശം നിലനിൽക്കുന്നു |
| 1999-2000 | 52 | 2002-03 | 4 | നബാർഡ് പ്ലാൻ ഫണ്ട് | പരാമർശം നിലനിൽക്കുന്നു |
| 1999-2000 | 59(എ) | 2002-03 | 5 | തൊഴിലുറപ്പ് പദ്ധതി | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 98372377 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 108494473 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 699499 |

ബി. ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 1-23 | 296002 | ശ്രീ. പി. വി. അനിൽ കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-24 | 403497 | ശ്രീ. പി. വി. അനിൽ കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 699499 | |

സി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തി നും തടസ്സത്തിനും ഉ ത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസം

| നഷ്ടത്തിനും തടസ്സത്തിനും ഉത്തരവാദിയായ ആളുടെ പേര് | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പി. വി. അനിൽ കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | ധ്വനി കാഞ്ഞിരങ്ങാട്, തളിപ്പറമ്പ്, 670142 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നുമുള്ള ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ/കെ.എൻ.ആർ/സി.4 /823/19തിയ്യതി. 14-8-2019 | 3 |
| 1999-2000 | കെ.എസ്.എ/കെ.എൻ.ആർ/സി.4 /823/19തിയ്യതി. 14-8-2019 | 6 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/സി.4 /823/19തിയ്യതി. 14-8-2019 | 2 |
| 2009-10, 2010-11 | കെ.എസ്.എ/കെ.എൻ.ആർ/സി.4 /823/19തിയ്യതി. 14-8-2019 | 5 |
| 2011-12, 2012-13 | കെ.എസ്.എ/കെ.എൻ.ആർ/സി.4 /823/19തിയ്യതി. 14-8-2019 | 3 |
| 2013-14, 2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി.4 /823/19തിയ്യതി. 14-8-2019 | 1 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി.4 /823/19തിയ്യതി. 14-8-2019 | 5 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി.4 /1899/18തിയ്യതി. 6-2-2018 | 23 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/സി.4 /146/20(1)തിയ്യതി.28-10-2020 | 22 |

| | | |
|---|---|---|
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/സി.4 /490/22തിയ്യതി.27-5-2022 | 22 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ/സി.4/491/22 /തിയ്യതി 14-06-2022 | 12 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## RECEIPT & PAYMENT STATEMENT

| For the period from 01-April-2021 to 31-March-2022 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 16859353.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 130000000 | Rental income from Panchayat Properties | RP-3 | 3500.00 |
| 140000000 | Fees & User Charges | RP-4 | 57469.00 |
| 150000000 | Sale & Hire Charges | RP-5 | 64074.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 52414653.00 |
| 171000000 | Interest Earned | RP-9 | 6769.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 28429505.00 |
| 350000000 | Other Liabilities | RP-36 | 955533.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 7210.00 |
| 350000000 | Other Liabilities | RP-36 | 91525.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 14817524.00 |
| 460000000 | Loans, Advances and Deposits | RP-47 | 1524615.00 |
| | Grand total | | 115231730.00 |
| | PAYMENTS | | |
| | Operating | | |

| | | | |
|---|---|---|---|
| 210000000 | Establishment Expenses | RP-11 | 3915896.00 |
| 220000000 | Administrative Expenses | RP-12 | 767980.00 |
| 230000000 | Operations & Maintenance | RP-13 | 1416968.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5201389.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 21454683.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2184517.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 85993.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 30000.00 |
| 255000000 | Maintenance Projects | RP-20 | 1421949.00 |
| 280000000 | Prior Period item | RP-26 | 871.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 2623555.00 |
| 350000000 | Other Liabilities | RP-36 | 32772773.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 494.00 |
| 340000000 | Deposits Received | RP-34 | 62500.00 |
| 350000000 | Other Liabilities | RP-36 | 1081044.00 |
| 410000000 | Fixed Assets | RP-38 | 6656924.00 |
| 412000000 | Capital work in Progress | RP-40 | 11346788.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 16245706.00 |
| 460000000 | Loans, Advances and Deposits | RP-47 | 1224443.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 6737257.00 |

| | | | |
|---|---|---|---|
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 115231730.00 |

## അനുബന്ധം 4

## INCOME & EXPENDITURE STATEMENT

| For the period from 01-April-2021 to 31-March-2022 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 222830.00 |
| 140000000 | Fee & User Charges | I-4(b) | 57469.00 |
| 150000000 | Sale & Hire Charges | I-5(b) | 82334.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 85357160.00 |
| 171000000 | Interest Earned | I-8 | 6769.00 |
| 180000000 | Other Income | I-9 | 2095073.00 |
| | Total Income | | 87821635.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 3915896.00 |
| 220000000 | Administrative Expenses | I-11(b) | 767980.00 |
| 230000000 | Operations & Maintenance | I-12(b) | 3048486.00 |
| 240000000 | Interest & Finance Charges | I-13 | 494.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 28067301.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 21429961.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 10590917.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 85993.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 30000.00 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | I-14(e) | 1421949.00 |
| 272000000 | Depreciation | I-17(a) | 15668996.00 |
| | Total Expenditure | | 85027973.00 |
| | Gross Surplus/ Deficit of income over Expenditure | | 2793662.00 |
| 280000000 | Prior Period Item | I-18 | 137316.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 2656346.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |
| | Net Balance being surplus / defict carried over to Balance Sheet (Panchayat Fund) | | |

## അനുബന്ധം 5

## BALANCE SHEET

| For the period from 01-April-2021 to 31-March-2022 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 14115520.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 91697077.00 |
| | Total Reserve & Surplus | | 105812597.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 20610603.00 |
| | Total Grants, Contributions for Specific Purposes | | 20610603.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |

| | | | |
|---|---|---|---|
| 340000000 | Deposits Received | B-7 | 897572.00 |
| 350000000 | Other Liabilities | B-9 | 55341.00 |
| | Total Current Liabilities and Provisions | | 952913.00 |
| | TOTAL LIABILITIES | | 127376113.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 150672246.00 |
| 411000000 | Accumulated Depreciation | B-11 | -48737174.00 |
| 412000000 | Capital Work in Progress | B-11(a) | 1310529.00 |
| | Total Fixed Assets | | 103245601.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 16509756.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 6737257.00 |
| 460000000 | Loans, Advances and Deposits | B-18 | 883499.00 |
| | Total Current Assets, Loans and Advances | | 24130512.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 127376113.0 0 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.